ടിയ ഭാഗത്ത് കൂടുതൽ പ്രയാസം സൃഷ്ടിക്കുമെന്ന അഭിപ്രായത്തെ തുടർന്നാണ് പുതിയ തീരുമാനം. പൊതുമരാമത്ത് മന്ത്രാലയം അധികൃതരെ ഉദ്ധരിച്ച് പ്രാദേശിക പത്രമാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. ഇതുസംബന്ധമായി അധികൃതർ ബന്ധപ്പെട്ട കമ്പനിക്ക് നിർദേശം നൽകിയതായാണ് അറിവ്. പുനർനിമാണത്തിനായി അടുത്ത മാസം വൈഖ് തുറമുഖത്ത് നിന്ന് ദിനം പ്രതി ആയിരക്കണക്കിന് കണ്ടയ്നർ വാഹനങ്ങൾ പോക്കുവരവ് നടത്തുന്ന പ്രധാന പാത മുടങ്ങുന്നത് മറ്റിടങ്ങളിൽ യാത്രാ നീക്കത്തിന് കൂടുതൽ തടസ്സമാണ് സൃഷ്ടിക്കുന്നത്. ഈ സാഹചര്യം നേരിടാൻ പകരം സംവിധാനം ഉണ്ടാക്കുന്നത് വരെയാണ് പാലം പൊളി നിർത്തിവെച്ചത്.

# സാജുവിൻെറ കുടുംബത്തിന് ഒരുമ സഹായധനം നൽകി

കുവൈത്ത് സിറ്റി: ഒരുമ കുവൈത്തിൽ അംഗമായിരിക്കെ മരണപ്പെട്ട കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര സ്വദേശി ആക്കുക്കണ്ടി സാജുവിൻെറ കുടുംബത്തിന് ഒരുമയുടെ സഹായധനം കൈമാറി. കുവൈത്ത് ഡ്രില്ലിംഗ് കമ്പനിയിൽ ജോലിക്കാരനായ സാജു നാട്ടിൽ ലീവിലായിരിക്കെ മൈസൂരിൽ വിനോദ യാത്രക്കിടെ ഹൃദയ സ്തംഭനം മൂലം മരണപ്പെടുകയായിരുന്നു.

കെ.ഐ.ജി എക്സിക്യൂട്ടീവ് അംഗം ഫിറോസ് ഹമീദ്, നദീർ തിക്കോടി, എ.വി. റഫീഖ് എന്നിവർ സാജുവിൻെറ വീട് സന്ദർശിച്ച് രണ്ട് ലക്ഷം രൂപയുടെ ഡ്രാഫ്റ്റ് അദ്ദേഹത്തിൻെറ കുടുംബത്തിന് കൈമാറി. കെ.ഐ.ജിയുടെ കീഴിൽ കുവൈത്ത് മലയാളികൾക്കായി ആരംഭിച്ച സാമൂഹ്യക്ഷേമ പദ്ധതിയായ ഒരുമയിൽ ജാതി, മത, സംഘടനാ വ്യത്യാസങ്ങൾക്കതീതമായി, ഇരുപത്തൊന്ന് വയസ്സ് പൂർത്തിയായ കുവൈത്തിൽ സ്ഥിരതാമസക്കാരനായ ഏതൊരു പ്രവാസി മലയാളിക്കും അംഗമായി ചേരാവുന്നതാണ്.

അര ദീനാർ രജിസ്ട്രേഷൻ ഫീസും ഒരു ദീനാർ വാർഷിക വരിസംഖ്യയും കൊടുത്ത് അംഗമാവുന്നവർ മരണപ്പെട്ടാൽ രണ്ട് ലക്ഷം രൂപ അവർ നിർദേശിക്കുന്ന വ്യക്തിക്ക് സഹായധനമായി നൽകും. കൂടുതൽ വിവരങ്ങൾക്ക് 99893650 എന്ന നമ്പറിൽ ബന്ധപ്പെടുകയോ www.orumakuwait.com എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്. 2013 കാലയളവിലേക്കുള്ള അംഗത്വം പുതുക്കാത്തവർ ഡിസംബർ 31ന് മുമ്പ് ഒരു ദീനാർ വാർഷിക വരിസംഖ്യ നൽകി അംഗത്വം പുതുക്കേണ്ടതാണെന്ന് ഭാരവാഹികൾ അറിയിച്ചു.

23/12/12